**Kerala Catholic Bishops' Council (KCBC)**
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release
*Ref: 913KCBC/K-6/KPR/DS*

06-12-2023

## 2023-ൽ ഡിസംബർ 4,5,6 തീയതികളിലായി പാലാരിവട്ടം പിഒസിയിൽ വച്ചു നടന്ന കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ സമ്മേളനാനന്തരം ഇറക്കുന്ന പത്രക്കുറിപ്പ്

കൊച്ചി : കേരള കത്തോലിക്കാ മെത്രാൻസമിതിയുടെ ആസ്ഥാനകാര്യാലയമായ പാലാരിവട്ടം പിഒസിയിൽ സമ്മേളിച്ച മെത്രാൻസമിതി, സഭാംഗങ്ങൾ എന്ന നിലയിലും പൊതുസമൂഹത്തിന്റെ ഭാഗമെന്ന നിലയിലും ക്രൈസ്തവർ അഭിമുഖീകരിക്കുന്ന വിവിധങ്ങളായ കാര്യങ്ങൾ സംബന്ധിച്ച് ചർച്ചകളും വിശകലനങ്ങളും നടത്തി. അതിവേഗം മാറിവരുന്നസാമൂഹിക ജീവിതത്തിൽ രാഷ്ട്രീയ-സാമൂഹിക-സാംസ്കാരിക മേഖലകളിൽ ക്രൈസ്തവർ തഴയപ്പെടുന്നുണ്ടെന്ന യാഥാർഥ്യത്തെ ഗൗരവത്തോടെ കാണണമെന്ന് വിലയിരുത്തുകയും ചെയ്തു.

**ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട്  പ്രസിദ്ധപ്പെടുത്തണം**

ക്രൈസ്തവ സമൂഹത്തിന്റെ പിന്നാക്കവസ്ഥ പഠിക്കാൻ നിയോഗിക്കപ്പെട്ട ശ്രി. ജെ.ബി. കോശി കമ്മീഷൻ  സർക്കാരിനു സമർപ്പിച്ച റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള നിർദേശങ്ങളെ സംബന്ധിച്ച് പഠിക്കുന്നതിനായി വിവിധ വകുപ്പുകളെ സർക്കാർ ചുമതലപ്പെടുത്തിയതായി വാർത്തകളിൽ കണ്ടു. എന്നാൽ നാളിതുവരെ റിപ്പോർട്ട് പ്രസിദ്ധം ചെയ്തിട്ടില്ലാത്തതിനാൽ കമ്മീഷന്റെ കണ്ടെത്തലുകളും വിലയിരുത്തലുകളും എന്തെന്ന് പൊതുസമൂഹത്തിന് അറിയാനായിട്ടില്ല. കമ്മീഷൻ റിപ്പോർട്ട് മുഴുവനായിതന്നെ പരസ്യമാക്കണമെന്ന് സർക്കാരിനോട് ആവശ്യപ്പെടുന്നു. മാത്രമല്ല പരിഹാരമായി കമ്മീഷൻ ചൂണ്ടിക്കാണിച്ചിട്ടുള്ള നിർദ്ദേശങ്ങൾ സഭാവിഭാഗങ്ങളുമായി ചർച്ച ചെയ്യാനും സർക്കാർ തയ്യാറാകണം.

**പുതിയ പ്രവണതകളെ വിവേചിക്കണം**

സമൂഹത്തിൽ അതിവേഗം സ്വാധീനിക്കപ്പെടുന്നതും വ്യക്തി സ്വാതന്ത്ര്യത്തിന്റെ ഭാഗമായി ചിത്രീകരിക്കപ്പെടുന്നതുമായ സ്വവർഗ്ഗ വിവാഹം, ഗർഭഛിദ്രം, ലീവിങ് ടുഗതർ തുടങ്ങിയ ചിന്താഗതികൾ പരമ്പരാഗത സാമൂഹിക ജീവിത ധാരകളെ കീഴ്മേൽ മറിക്കുന്നതും ദൂരവ്യാപകമായ അരാജകത്വം സൃഷ്ടിക്കുന്നതുമാണെന്നും വിലയിരുത്തി. ഇത്തരം ചിന്താധാരകളെ പ്രോത്സാഹിപ്പിക്കുന്ന സാഹിത്യ രചനകളും സിനിമ, നാടകം, സീരിയൽ തുടങ്ങിയവയും വർദ്ധിച്ച തോതിൽ പ്രചരിപ്പിക്കപ്പെടുന്നുണ്ട്. ഇവ പുതുതലമുറയെ ഗണ്യമായി സ്വാധീനിക്കുന്നവയാണ്.  സുസ്ഥിര സമൂഹ നിർമ്മിതിക്ക് എത്രമാത്രം ഇവ സഹായകരമാകുമെന്ന് ബന്ധപ്പെട്ടവർ ചിന്തിക്കണം.. സമഹത്തിൽ എല്ലാവർക്കും അവരവരുടേതായ (space) ഇടം നിലനിർത്തിക്കൊണ്ടുതന്നെ പുതിയ പ്രവണതകളെ വിലയിരുത്തുകയും വിവേചിക്കുകയും ചെയ്യണമെന്ന് യുവസമൂഹത്തെ അനുസ്മരിപ്പിക്കുന്നു.

**PRESIDENT**
His Beatitude
CARDINAL MAR BASELIOS CLEEMIS CATHOLICOS
Major Archbishop of Syro Malankara Church
Major Archbishop's House,
Pattom, Trivandrum 695 004.
Ph: +91 471 2541642, 2542643, 2540446
Email: baselioscleemis@gmail.com

**VICE-PRESIDENT**
His Excellency
MAR PAULY KANNOOKADAN
Bishop of Irinjalakuda
Bishop's House
Irinjalakuda 680 121
Ph: 0480 – 2826830, 2826820
Email: paulykannookadan@gmail.com

**SECRETARY GENERAL**
His Excellency
RT. REV. DR. ALEX VADAKUMTHALA
Bishop of Kannur, Bishop's House
Chowva P.O., Kannur 670 006
Ph: +91497 2729922, 2729988
Email: fralexv@gmail.com

**DEPUTY SECRETARY GENERAL**
FR. JACOB G. PALACKAPPILLY
POC, PB No. 2251
Palarivattom, Kochi-685 025
Ph: 0484-2805815,
2805722
Email: jacobgpala@gmail.com

**2024 യുവജനവർഷം**

കേരള സഭാനവീകരണത്തിന്റെ രണ്ടാം ഘട്ടമായ 2024 'യുവജന വർഷമായി' ആചരിക്കാൻ തീരുമാനിച്ചു. യുവജനങ്ങൾ സഭയുടെയും സമൂഹത്തിന്റെയും ചൈതന്യമാണ്. സഭ അവരെ നെഞ്ചോടു ചേർത്തുപിടിക്കണം. കൂടുതൽ ഉത്തരവാദിത്ത ബോധത്തോടെ തങ്ങളുടെ ദൗത്യം സമൂഹത്തിൽ നിർവ്വഹിക്കുന്നതിനും രാഷ്ട്രനിർമ്മാണത്തിൽ ഗൗരവതരമായ ഇടപെടൽ നടത്തുന്നതിനും യുവജനങ്ങൾക്കാകണം. ശാസ്ത്രം, വിശ്വാസം, രാഷ്ട്രീയം, സാഹിത്യം, കല, അധ്യാപനം, സാമൂഹിക സേവനം, മാധ്യമം എന്നിങ്ങനെ വിവിധങ്ങളായ മേഖലകളിലുള്ള തങ്ങളുടെ നൈപുണി (skills) സമൂഹ നിർമ്മിതിക്കുവേണ്ടി വ്യയം ചെയ്യുന്നതിലൂടെ യുവത്വം ഫലദായകമായ കാലമാക്കുന്നതിന് അവർക്ക് സാധിക്കും. യുവജനങ്ങളുടെ ബൗദ്ധിക സമ്പത്ത് രാജ്യത്തിനു നഷ്ടമാകാൻ ഇടയാക്കുന്ന സാഹചര്യങ്ങൾ ഒഴിവാക്കപ്പെടുന്നതിന് ഭരണാധികാരികൾ അതീവ ജാഗ്രത പുലർത്തേണ്ടതുണ്ട്.

**വൈദിക സന്യസ്ത പരിശീലനം**

വൈദിക-സന്യസ്ത രൂപീകരണത്തിൽ കാലോചിതമായ നവീകരണം ആവശ്യമാണ്. അക്കാദമിക മികവും പക്വതയും, ആത്മീയതയും നീതിബോധവും, സാമൂഹികാവബോധവും ഉള്ളവരായിക്കണം വൈദിക-സന്യസ്ത വിദ്യാർഥികൾ. ലിംഗസമത്വത്തെകുറിച്ചും സമൂഹത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പുതിയ പ്രവണതകളെക്കുറിച്ചും അവർക്ക് അവബോധമുണ്ടാകണം. സഭയുടെയും രാജ്യത്തിന്റെയും നിയമവ്യവസ്ഥകളെക്കുറിച്ച് പരിജ്ഞാനമുള്ളവരായി വേണം അവർ തങ്ങളുടെ സമർപ്പണ ജീവിതം നയിക്കേണ്ടത്. അതിന് സഹായകരമായ പദ്ധതികളായിരിക്കണം സെമിനാരികളിലും സന്യസ്ത പരിശീലനകേന്ദ്രങ്ങളിലും ക്രമീകരിക്കേണ്ടത്.

**കാർബൺ ന്യൂട്രൽ ഇടവകകൾ**

കാലാവസ്ഥാവ്യതിയാനം യാഥാർഥ്യമായിരിക്കുന്നുവെന്ന വസ്തുത പരക്കെ എല്ലാവർക്കും ബോധ്യമായിരിക്കുകയാണ്. ഇടവകകൾ കാർബൺ ന്യൂട്രൽ ആക്കുന്നതിന് ബന്ധപ്പെട്ടവർ ശ്രദ്ധിക്കണം. വർഷങ്ങൾക്കു മുമ്പ് 2012-ൽ തന്നെ കെസിബിസി ഇക്കാര്യത്തെക്കുറിച്ചുള്ള സഭയുടെ നയം, **'പച്ചയായ പുല്ത്തകിടിയിലേക്ക്'** എന്ന രേഖയിലൂടെ വ്യക്തമാക്കിയിട്ടുള്ളതാണ്. ഫ്രാൻസിസ് പാപ്പായുടെ ഏറ്റവും പുതിയ **'ലൗദാത്തേ ദേവും'** എന്ന രേഖയിൽ പരിസ്ഥിതിയുടെ ശുശ്രൂഷകർ എന്ന നിലയിൽ മനുഷ്യർ വർത്തിക്കണം എന്ന് ഓർമ്മപ്പെടുത്തുന്നുണ്ട്. ഓരോ ഇടവകയും ഗ്രീൻ ഓഡിറ്റിങ്ങ് നടത്തി തങ്ങളുടെ ഇടവകകൾ പരിസ്ഥിതിക്ക് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തണം. പൊതു സമൂഹത്തിൽ വലിയ അവബോധം സൃഷ്ടിക്കാൻ വേണ്ട പ്രവർത്തനങ്ങളിൽ സഭാംഗങ്ങൾ താല്പര്യമെടുക്കുകയും വേണം.

**കുസാറ്റ് അപകടത്തിൽ മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നല്കണം**

കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ ഉണ്ടായ അപകടത്തിൽ മരണമടഞ്ഞ വിദ്യാർഥികളുടെ കുടുംബത്തിന്റെയും സഹപാഠികളുടെയും യൂണിവേഴ്സിറ്റി അധികൃതരുടെയും ദു:ഖത്തിൽ കെസിബിസി പങ്കുചേരുന്നു; അനുശോചനം അറിയിക്കുകയും പ്രാർഥിക്കുകയും ചെയ്യുന്നു. അപകടത്തിൽപ്പെട്ടവരുടെ ചികിത്സയ്ക്കാവശ്യമായ ധനസഹായം പ്രഖ്യാപിച്ച സർക്കാർ നിലപാട് സ്വാഗതാർഹമാണ്. മരണമടഞ്ഞവരുടെ കുടുംബങ്ങൾക്കും സാമ്പത്തിക സഹായം നൽകാൻ സർക്കാർ തയ്യാറാകണം.

**മണിപ്പൂരിൽ സമാധാനം പുനഃസ്ഥാപിക്കണം**

മാസങ്ങളായി മണിപ്പൂരിൽ തുടരുന്ന സംഘർഷാവസ്ഥയ്ക്ക് ശമനം ഉണ്ടായിട്ടില്ലായെന്നത് ആശങ്ക ജനിപ്പിക്കുന്നു. നിരാലംബരും പുറംതള്ളപ്പെട്ടവരുമായി ക്യാമ്പുകളിൽ കഴിയുന്ന കുഞ്ഞുങ്ങളും സ്ത്രീകളുമുൾപ്പടെയുള്ള അനേകായിരങ്ങൾക്ക് പ്രതീക്ഷ നല്കുന്നവിധം സർക്കാർ സംവിധാനങ്ങൾ ഉണർന്നു പ്രവർത്തിക്കേണ്ട സമയം അധികരിച്ചിരിക്കുന്നു. അവിടെ എത്രയുംവേഗം സമാധാനം ഉറപ്പാക്കാനും സാധാരണ ജീവിതത്തിലേക്ക് ജനങ്ങൾക്ക് പ്രവേശിക്കാനും ഉതകുന്ന അന്തരീക്ഷം സംജാതമാക്കപ്പെടണം.

**വന്യജീവി ആക്രമണം**

ഒരുകാലത്ത് വനത്തോടുചേർന്നു കിടക്കുന്ന ഇടങ്ങളിലെ കൃഷികൾ നശിപ്പിക്കുന്ന വന്യജീവികളെക്കുറിച്ചാണ് പരക്കെ കേട്ടിരുന്നത്. എന്നാൽ പട്ടണങ്ങളിലും മനുഷ്യർ സമാധാനത്തോടെ വിശ്രമിക്കുന്ന വീട്ടകങ്ങളിലും വന്യജീവികൾ യഥേഷ്ടം കടന്നുവരുന്ന സ്ഥിതിവിശേഷമാണ് ഇപ്പോഴുള്ളത്. കൃഷികൾ നശിപ്പിക്കുന്നവയും സമൂഹത്തിന്റെ സമാധാനം കെടുത്തുന്നവയുമായ ജീവികളെ ക്ഷുദ്രജീവികളായി പ്രഖ്യാപിച്ച് ആവശ്യമായ നിയന്ത്രണങ്ങൾ കൊണ്ടുവരാൻ സർക്കാർ തയ്യാറാകണം.

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ**
കെസിബിസി പ്രസിഡന്റ്

**ബിഷപ്പ് മാർ പോളി കണ്ണൂക്കാടൻ**
കെസിബിസി വൈസ് പ്രസിഡന്റ്

**ബിഷപ്പ് ഡോ. അലക്സ് വടക്കുംതല**
കെസിബിസി സെക്രട്ടറി ജനറൽ